# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഫാ. ഡാമിയൻ



സ്ഥലം : ബെൽജിയം
ജനനം : 1840 ജനുവരി 3
മരണം : 1889 ഏപ്രിൽ 15
വിശുദ്ധപദവി : 2009 ഒക്ടോബർ 11

### കുഷ്ഠരോഗം - ചരിത്രത്താളുകളിലേക്ക്

മധ്യശതകത്തിൽ കുഷ്ഠരോഗിയെ മരിച്ചവനായി കണകാക്കിയിരുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ അയാളുടെ മൃതസംസ്കാര ശുശ്രൂഷ നടത്തിയിരുന്നു.ഒരാൾ കുഷ്ഠരോഗിയാണെന്ന് വൈദ്യൻ തീർച്ചപ്പെടുത്തിയശേഷം എല്ലാവരും കാണത്തക്കവിധം ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് അദ്ദേഹത്തിന്റെ ശരീരത്തിൽ പതിപ്പിക്കും. മരിച്ചവനായി സമൂഹം കരുതുന്ന ഈ രോഗിയുടെ അടുക്കൽ സഭാധികാരികൾ അർദ്ധരാത്രി എത്തും. അയാളെ ബാധിച്ചിരിക്കുന്ന രോഗത്തിന്റെ ഗൗരവം അയാളെ ബോധ്യപ്പെടുത്തും. ഇത് ദൈവ ശിക്ഷയാണെന്നും, ഇതിൽ നിന്ന് മോചനം ഇല്ലെന്നും അറിയിക്കും. ഈ രോഗി ഇപ്പോൾ മുതൽ ലോകത്തിന്റെ മുമ്പിൽ മരിച്ചിരിക്കുന്നു. അതിനുശേഷം പുരോഹിതൻ അയാളുടെ കയ്യിൽ ഒരു കുരിശ് കൊടുക്കും. തുടർന്ന് ബന്ധുക്കളുടെ അകമ്പടിയോടെ ദേവാലയത്തിലേയ്ക്ക് ആനയിക്കും. സാധാണ ആൾക്കാരുടെ ശവമഞ്ചം വയ്ക്കുന്നതിന് മുകളിൽ ഒരു മേൽക്കട്ടി ഉണ്ടായിരിക്കും. കുഷ്ഠരോഗി അതിന് കീഴെ ഇരിക്കണം. തുടർന്ന് മരിച്ചവർക്ക് വേണ്ടിയുള്ള ദിവ്യബലിയർപ്പിക്കും. ശുശ്രൂഷ കുഴിമാടം വരെ നീളും. സിമിത്തേരിയിൽ കുഴിയുടെ കരയിൽ രോഗി മുട്ടുകുത്തും. കാർമ്മികൻ അല്പം മണ്ണ് രോഗിയുടെ മേൽ എറിയും. അപ്പോൾ മുതൽ അയാൾ സമൂഹത്തിൽ നിന്ന് ബഹിഷ്കൃതനാണ്. അതിനുശേഷം കറുത്തതൊപ്പി തലയിൽ വയ്ക്കണം. തുടർന്ന് ഒരു വടി, കൈ ഉറകൾ, ഒരു പാത്രം, കറ കറ ശബ്ദം പുറപ്പെടുവിക്കുന്ന ഒരു മരമണി എന്നിവ നല്കും. ഈ മണി നല്കുമ്പോൾ ഇങ്ങനെ പറയും. ഈ മണി നിന്റെ സാന്നിദ്ധ്യം ജനങ്ങളെ അറിയിക്കാനുള്ളതാണ്. ഇതിന്റെ ശബ്ദം കേൾക്കുമ്പോൾ ജനം കുരിശു വരച്ച് ഓടിപ്പോകും. വർഷങ്ങൾ കഴിഞ്ഞു. കുഷ്ഠരോഗികളുടെ എണ്ണം പെരുകി. ജനം അവജ്ഞയോടെ ഇവരെ വീക്ഷിക്കാൻ തുടങ്ങി.

അങ്ങനെ കുഷ്ഠരോഗികൾ സമൂഹത്തിന് മൊത്തം ഭീഷണിയായിത്തീർന്നു. അവസാനം ഇതിനെതിരെ തിരുസഭ തന്നെ മുന്നിട്ടിറങ്ങി. മണിയുടെ ശബ്ദം ജനത്തെ രോഗികളിൽ നിന്ന് അകറ്റിയപ്പോൾ

സന്യാസവൈദികർ രംഗത്തു വന്നു. അവർ തങ്ങളുടെ ആശ്രമങ്ങൾ കുഷ്ഠരോഗാശുപത്രിയാക്കി. അവരെ ശുശ്രൂഷിച്ച ആശ്രമങ്ങൾ 'ലാസർഭവന'ങ്ങൾ എന്ന പേരിൽ അറിയപ്പെട്ടു. ആശ്രമങ്ങൾക്ക് ഇക്കാലത്ത് വലിയ സാമ്പത്തികഭാരം ഉണ്ടായി. അവർ പല കലാപരിപാടികളും, ബോധവൽക്കരണ സെമിനാറുകളും പ്രദർശനങ്ങളും സംഘടിപ്പിച്ച് ഫണ്ട് ശേഖരിച്ചു. രാഷ്ട്രം കുഷ്ഠരോഗാശുപത്രി നടത്തുന്ന സന്യാസിമാർക്ക് മാടമ്പി സ്ഥാനങ്ങൾ നൽകി ബഹുമാനിച്ചു. ഹെൻറി മൂന്നാമൻ ഇതിന് വലിയ സഹായം ചെയ്തു കൊടുത്തു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി സമൂഹം കുഷ്ഠരോഗികളെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും തുടങ്ങി. അവർക്കു ഭക്ഷണവും, പാർപ്പിടവും കരഗതമായി. കുർബാന കാണുന്നതിന് പള്ളിയുടെ ഒരു കോണിൽ കുഷ്ഠരോഗ ജനാലകൾ സ്ഥാപിക്കപ്പെട്ടു. ഗ്രിഗറി രണ്ടാമൻ മാർപാപ്പ കുഷ്ഠരോഗികൾക്ക് വിശുദ്ധ കുർബാന സ്വീകരിക്കാനുള്ള അനുവാദവും നൽകി. എന്നാൽ പിന്നീട് വന്ന പ്ലേഗ് രോഗം യൂറോപ്പിനെ ശ്മശാന ഭൂമിയാക്കി. പ്ലേഗ് മൂലം മരിച്ചവരിൽ നല്ലൊരു ശതമാനവും കുഷ്ഠരോഗികളായിരുന്നു. ശേഷിച്ചവരെ ലാസർ ഭവനങ്ങൾ ശുശ്രൂഷിച്ചു. 1350 ആയപ്പോഴേയ്ക്കും ലൺനിൽ ഒരു കുഷ്ഠരോഗി പോലും ഉണ്ടായിരുന്നില്ല. ഫാ. ഡാമിയന്റെ കാലം വരെ ഈ ലാസർ ഭവനങ്ങൾ കുഷ്ഠരോഗികളെ ശുശ്രൂഷിച്ചു. ഫാ. ഡാമിയന്റെ കാലഘട്ടത്തിലൂടെയുള്ള യാത്ര നമുക്കാരംഭിക്കാം.

## മൊളോക്കോയിലെ പ്രേക്ഷിതൻ

ബെൽജിയം രാജ്യത്തെ ട്രെമെലു എന്ന പട്ടണം. ഫ്ളമിഷ് വംശരാണ് അവിടെ അധികവും. കൃഷിയും കച്ചവടവുമാണ് അവരുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. അവിടുത്തെ ജനങ്ങൾ കഠിനാദ്ധ്വാനികളും ഈശ്വര വിശ്വാസികളുമായിരുന്നു. ഈ പട്ടണത്തിലെ ഒരു ധാന്യ കച്ചവടക്കാരനായിരുന്ന ഫ്രാങ്കോ വ്യൂയെസ്റ്റർ (ഫ്രാൻസിസ്). കച്ചവട സംബന്ധമായ കാര്യങ്ങൾക്കുവേണ്ടി അദ്ദേഹത്തിന് പല യൂറോപ്യൻ രാജ്യങ്ങളും സഞ്ചരിക്കേണ്ടിയിരുന്നു. കാതറൈൻ എന്ന സ്ത്രീയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. 1840 ജനുവരി 3-ാം തിയതി വ്യൂയെസ്റ്റർ ഭവനത്തിൽ, ഫ്രാൻസിസ്-കാതറൈൻ ദമ്പതികളുടെ എട്ടുമക്കളിൽ ഒരുവനായിട്ട് ഡാമിയൻ ജനിച്ചു. ജനിച്ച് ഒരു മാസം കഴിഞ്ഞപ്പോൾ അവൻ കുഞ്ഞിനെ ട്രെമെലു ഇടവക ദേവാലയത്തിൽ കൊണ്ടുപോയി മാമോദീസാ നൽകി. കുഞ്ഞിന്റെ മാമോദീസാപ്പേര് ജോസഫ് എന്നായിരുന്നുവെങ്കിലും ജെഫ് എന്ന ഓമനപ്പേരിൽ അവൻ അറിയപ്പെട്ടു. കാതറൈൻന്റെ അമ്മയാണ് ജോസഫിന്റെ തല തൊട്ടത്. മാമോദിസായുടെ സമയത്ത് കുഞ്ഞ് കൈയുയർത്തി വീശിയപ്പോൾ അമ്മൂമ്മ പറഞ്ഞു: അവൻ കുരിശടയാളം വരയ്ക്കുകയാണ്. ഈ കുഞ്ഞ് ഭാവിയിൽ ഒരു വൈദികനായി തീരും. തലതൊട്ടപ്പൻ പറഞ്ഞു. അല്ല അവൻ ഒരു പട്ടാളക്കാരനാകും. ഏതായാലും ഭാവിയിൽ രണ്ടുപേരുടെയും പ്രവചനം പൂർത്തിയായി എന്നു പറയാം. തലതൊട്ടമ്മ പറഞ്ഞതുപോലെ ഭാവിയിൽ അവൻ ഒരു പുരോഹിതനും, അതേസമയം കുഷ്ഠരോഗികൾക്കുവേണ്ടി ഒറ്റക്കു പടപൊരുതിയ ഒരു ധീരപടയാളിയുമായിത്തീർന്നു.

## കുസൃതികുടുക്ക

എല്ലാ കുട്ടികളെയും പോലെ ജോസഫും കുഞ്ഞുനാളിൽ ഒരു കുസൃതികുടുക്കയായിരുന്നു. കുതിരവണ്ടികൾ ധാരാളമുള്ള പട്ടണമായിരുന്നു ട്രെമെലു. കുതിരകളെയും, കുതിരവണ്ടിക്കാരനേയും കബളിപ്പിക്കുക അവിടുത്തെ കുട്ടികളുടെ സ്വഭാവമാണ്. നമ്മുടെ ജോസഫും അക്കാര്യത്തിൽ ഒട്ടും മോശമായിരുന്നില്ല. കല്ലുകൊണ്ട് കുതിരയെ എറിയുക, കുതിരക്കാരനെ കബളിപ്പിക്കുക. തുടങ്ങിയവ അവന്റെയും ഒരു തമാശയായി മാറി. ഒരു ദിവസം ഗ്രാമത്തിലെ ഇടുങ്ങിയ വഴിയിലൂടെ ഓടിക്കൊണ്ടിരുന്ന ഒരു കുതിരവിയിൽ അവൻ ചാടിക്കയറാൻ തയ്യാറായി നിന്നു. കുതിരക്കാരൻ ഉറങ്ങുകയാണെന്നാണ് അവൻ വിചാരിച്ചിരുന്നത്. എന്നാൽ കുതിരയെ കല്ലെറിയാൻ കാത്തുനിൽക്കുന്ന കുട്ടികളെ കണ്ട് കുതിരക്കാരൻ ഉറക്കം നടിച്ചു. സാഹസികതയോടെ കുതിരവണ്ടിയിൽ ജോസഫ് ചാടി കയറി. അയാൾ വണ്ടി നിർത്തി അവനെ പിടികൂടുകയും ചാട്ടകൊണ്ട് അടിക്കുകയും ചെയ്തു. താൻ ചെയ്ത തെറ്റ് അവന് ബോധ്യപ്പെട്ടു. അവനിൽ ഭയവും കുറ്റബോധവും നിറഞ്ഞു. അന്നു വൈകുന്നേരമായിട്ടും അവൻ വീട്ടിൽ എത്തിയില്ല. ജോസഫിനെ കാണാതെ മാതാപിതാക്കൾ ഏറെ വിഷമിച്ചു. അവർ പല സ്ഥലങ്ങളിലും അവനെ അന്വേഷിച്ചു. അവസാനം അവർ തങ്ങളുടെ മകനെ ഇടവക ദേവാലയത്തിൽ കണ്ടെത്തി. ദേവാലയത്തിലെ അൾത്താരയ്ക്കുമുമ്പിൽ അവൻ കൈകൾ കൂപ്പി പ്രാർത്ഥിക്കുകയാണ്. കാര്യങ്ങൾ മനസ്സിലാക്കിയ മാതാപിതാക്കൾ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവരുടെ ഉദ്യമം വിഫലമായി. അവസാനം ഒട്ടും ഭയപ്പെടേണ്ടെന്നും, ശിക്ഷ ഉണ്ടാകില്ല എന്ന ഉറപ്പിൻമേലും അവൻ മാതാപിതാക്കളോടൊപ്പം ഭവനത്തിലേയ്ക്കു യാത്രയായി.

## കുഞ്ഞുനാളിലെ കാരുണ്യപ്രവൃത്തി

അല്പം കുസൃതി ഉണ്ടായിരുന്നെങ്കിലും അതിലുപരി കാരുണ്യമെന്ന പുണ്യം അവനിൽ കുഞ്ഞുനാൾ മുതലെ വിളങ്ങി നിന്നിരുന്നു. ഒരു ദിവസം പള്ളിയിൽ വെച്ച് പരസ്നേഹ പ്രവൃത്തിയെപ്പറ്റിയുള്ള ഒരു പ്രസംഗം കേൾക്കാനിടയായി. അച്ചന്റെ പ്രസംഗം അവന്റെ ഹൃദയത്തെ സ്പർശിച്ചു. ആയിടക്ക് അവൻ വഴിയിൽ വെച്ച് ഒരു പാവപ്പെട്ട മനുഷ്യനെ കണ്ടെത്തി. അദ്ദേഹം ഭക്ഷണം കഴിച്ചിട്ട് നാലഞ്ചുദിവസങ്ങളായിരുന്നു. ജോസഫിന് അദ്ദേഹത്തോട് അനുകമ്പ തോന്നി. അദ്ദേഹത്തെ വഴിയിൽ നിർത്തിയിട്ട് അവൻ ഓടി വീട്ടിലേയ്ക്ക് പോയി. അമ്മ ഒരുക്കിവച്ചിരുന്ന ഉച്ചഭക്ഷണം പാത്രത്തോടെ എടുത്തു കൊണ്ടുവന്നു കൊടുത്തു. പ്രസംഗം കേട്ട് അതുപോലെ പ്രവർത്തിച്ച ജോസഫിന് വൈകിട്ട് കച്ചവടം കഴിഞ്ഞ് വീട്ടിൽ വന്ന പിതാവിൽ നിന്ന് നല്ല അടിയും കിട്ടി. പിതാവ് അവനോട് പറഞ്ഞു. പാവപ്പെട്ടവരോടുള്ള കാരുണ്യപ്രവൃത്തി നല്ലതാണ്. എന്നാൽ മുതിർന്നവരുടെ അറിവോടും സമ്മതത്തോടും കൂടി മാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാവൂ. പ്രിയപ്പെട്ട കുട്ടികളെ, കുട്ടികളായിരിക്കുന്ന നാളിൽ നിങ്ങൾ ചെയ്യുന്നത് കാരുണ്യപ്രവൃത്തിയാണെങ്കിലും, അതു നിങ്ങളുടെ മാതാപിതാക്കളുടെ അനുവാദത്തോടെ വേണം ചെയ്യാൻ.

## സ്കൂൾ ജീവിതം

ഏഴാമത്തെ വയസ്സിൽ അവനെ സ്കൂളിൽ ചേർത്തു. രണ്ടു മൈൽ അകലെയുള്ള സ്കൂളിലേക്കു നടന്നായിരുന്നു പോയിരുന്നത്. പഠനത്തിൽ അവൻ സമർത്ഥനായിരുന്നു. ഒഴിവു ദിവസങ്ങളിൽ ആടുകളെ മേയ്ക്കാൻ പോകും. 'ലാക്' നദിയുടെ തീരത്താണ് അവൻ ആടുകളെ മേയ്ക്കുക. കരയിലിരുന്ന് പുഴയിലേക്കും പ്രകൃതിയിലേക്കും നോക്കി അവൻ അതിന്റെ സൗന്ദര്യം ആസ്വദിക്കും. 'മിണ്ടാവ്രതം' ജോസഫ് എന്നാണ് ബാല്യകാലത്ത് കൂട്ടുകാർ അവനെ കളിയാക്കി വിളിച്ചിരുന്നത്.

## കുഴിവെട്ടുകാരനോടൊപ്പം

ട്രെമെലുവിൽ ഒരു കൊല്ലപണിക്കാരനുണ്ടായിരുന്നു. ചെറിയ ചെറിയ ചെപ്പടി വിദ്യകൾ കാട്ടി അദ്ദേഹം കുട്ടികളെ രസിപ്പിച്ചിരുന്നു. പള്ളിയിലെ ശവക്കുഴി കുത്തലും, സിമിത്തേരി സൂക്ഷിപ്പും അദ്ദേഹത്തിനായിരുന്നു. ജോസഫ് അയാളെ ഇഷ്ടപ്പെട്ടു. ചുരുങ്ങിയ ദിവസം കൊണ്ട് അവർ ചങ്ങാതിമാരായി. ജോസഫ് ശവക്കുഴിവെട്ടാൻ അയാളെ സഹായിച്ചു. ഭാവിയിൽ മൊളോക്കോ ദ്വീപിലെ കുഷ്ഠരോഗികൾ മരിക്കുമ്പോൾ അവരെ അടക്കാൻ വേണ്ടിയുള്ള ഒരു അജ്ഞാത തയ്യാറെടുപ്പായിരുന്നു ഇതെന്ന് അന്ന് ആരും മനസ്സിലാക്കിയില്ല.

## മകനെപ്പറ്റിയുള്ള സ്വപ്നം

തങ്ങളുടെ ഇളയ മകനെ ഒരു കച്ചവടക്കാരനാക്കാൻ മാതാപിതാക്കൾ ആഗ്രഹിച്ചു. അതിനായി ഇടവക വികാരിയോട് ആലോചിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം അവർ അവനെ ഹെയിനാൾട്ട് പ്രൊവിൻസിൽപ്പെട്ട ബ്രെയിൻ ലീ കോപ്റ്റിൽ പ്രവർത്തിക്കുന്ന ഒരു അക്കാഡമിലേക്കയച്ചു. അവിടെ പഠിക്കുന്ന സമയത്ത് എല്ലാ ദിവസവും അവൻ പള്ളിയിൽ പോകുമായിരുന്നു. ഒരിക്കൽ റിഡംപ്റ്ററിസറ്റ് സന്യാസവൈദികർ നടത്തിയ ഒരു ധ്യാനത്തിൽ അവൻ സംബന്ധിച്ചു. ആ പ്രസംഗത്തിന്റ ഫലമായി അവന്റെ മനസ്സിൽ ദൈവവിളിയെപ്പറ്റിയുള്ള ചിന്ത ഉണർന്നു. വൈദികനാകാൻ പഠിക്കുന്ന ജ്യേഷ്ഠൻ പാംഫീലിയെ കുറിച്ചും, ഉർസുലിൻ മഠത്തിൽ ചേർന്ന പൗളിൻ ചേച്ചിയെപ്പറ്റിയും അവൻ ഓർത്തു. തമ്പുരാന്റെ മുന്തിരിത്തോപ്പിൽ ഒരു പടയാളിയാകുവാനുള്ള വിളിയുടെ ആദ്യമുള ആ ഹൃദയത്തിൽ കുരുത്തു.

## ഒരു ഉൾവിളി

നാളുകൾ കഴിഞ്ഞു. വൈദികനാകണമെന്നുള്ള ആഗ്രഹം ഉള്ളിൽ കിടന്ന് വളർന്നു. അവസാനം മാതാപിതാക്കളെ ഞെട്ടിപ്പിക്കുന്ന, അവരുടെ പ്ലാനുകളെ തകിടം മറിക്കുകയും ചെയ്ത ഒരു തീരുമാനം അവനെടുത്തു. വൈദികനാവുകതന്നെ! അവനിക്കാര്യം മാതാപിതാക്കൾക്കെഴുതി. അദ്ധ്യാപകരുടെയും വൈദികരുടേയും ഉപദ്ദേശം സ്വീകരിച്ചു. ജേഷ്ഠൻ പാംഫീലിയ ചേർന്ന ട്രാപ്പിസ്റ്റ് സന്യാസ സഭയിലേക്ക് അവന്റെ ശ്രദ്ധ തിരിഞ്ഞു. ആ സഭയിലെ കഠിന തപശ്ചര്യകളും പ്രായശ്ചിത്ത പ്രവർത്തികളും അവനെ ഏറെ ആകർഷിച്ചു. തന്റെ അഭിലാഷം അവൻ പാംഫീലിയായെ അറിയിച്ചു. ജ്യേഷ്ഠന്റെ നിർദ്ദേക പ്രകാരം 1858 ഡിസംബറിൽ ജോസഫ് ലൂവെയിനിലെത്തി. ജ്യേഷ്ഠൻ ആശ്ലേഷിച്ച സന്യാസ സഭയുടെ ചൈതന്യം ഉൾക്കൊണ്ട് ഒരാഴ്ച അവിടെ താമസിച്ചു. അതിനുശേഷം വിദ്യാലയത്തിലേക്ക് മടങ്ങി.

## സന്യാസ സഭയിലേക്ക്

കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. അവന്റെ പിറന്നാൾ ദിനത്തിൽ പിതാവ് അവനെ കാണുവാനായി ബ്രെയിൻ ലീ കോപ്റ്റ് സ്കൂളിലെത്തി. അന്ന് അവന്റെ ഇരുപതാം ജന്മദിനമായിരുന്നു. താൻ ഇന്ന് കച്ചവടക്കാര്യങ്ങൾക്കായി ലൂവെയിനിൽ പോകുന്നെന്നും ഒപ്പം പോന്നാൽ ജ്യേഷ്ഠൻ പാംഫീലിയായെ സന്ദർശിക്കാമെന്നും പിതാവ് മകനോടു പറഞ്ഞു. അങ്ങനെ രണ്ടു പേരും കൂടി ലൂവെയിനിലേക്ക് തിരിച്ചു. ആശ്രമത്തിലെത്തിയ അവർ പാംഫീലിയായെ സന്ദർശിച്ചു. അതിനുശേഷം വ്യവസായ ആവശ്യങ്ങൾക്കായി ഫ്രാൻസിസ് പട്ടണത്തിലേക്ക് പോയി. ജോസഫാകട്ടെ ചാപ്പലിൽ കയറി പ്രാർത്ഥിച്ചു. അതിനുശേഷം ആശ്രമ ശ്രേഷ്ഠനെ കണ്ടു. ജോസഫിന്റെ തീഷ്ണതയും ഭക്തിചൈതന്യവും മനസിലാക്കിയ ആശ്രമാധികാരി ജോസഫിനോടു പറഞ്ഞു. ഈ ആശ്രമം ഇഷ്ടമായെങ്കിൽ ഇന്നു മുതൽ ഇവിടെ നിന്നു കൊള്ളുക. ആശ്രമ ശ്രേഷ്ഠന്റെ വാക്കുകൾ ദൈവസ്വരമായി അവൻ സ്വീകരിച്ചു. അങ്ങനെ ജോസഫ് സന്യാസ സഭയിൽ ചേർന്നു. പട്ടണത്തിൽ നിന്ന് തിരിച്ചുവന്ന പിതാവ് മകന്റെ തീരിമാനത്തെപ്പറ്റി അറിഞ്ഞു. എങ്കിലും അദ്ദേഹം എതിരായി ഒന്നും പറഞ്ഞില്ല.

## ആശ്രമ ജീവിതം

ആശ്രമത്തിൽ പ്രാർത്ഥനയിലും ധ്യാനത്തിലും പഠനത്തിലും അവൻ പുരോഗമിച്ചു. ചേട്ടനും അനുജനും ഒരു മുറിയിൽ താമസമാക്കി. അങ്ങനെ ഇരിക്കുമ്പോഴാണ് ഞെട്ടിക്കുന്ന ഒരു വാർത്ത എത്തിയത്. ജോസഫിന് വൈദികനാകാൻ പറ്റില്ല. കാരണം ലത്തീൻ ഭാഷ വശമില്ല. വൈദികനാകാൻ ലത്തീൻ ഭാഷയിൽ പ്രാവീണ്യം വേണം. അതിനാൽ ജോസഫിന് ആശ്രമ ജോലികൾ നടത്തുന്ന ഒരു സന്യാസ സഹോദരനായി തുടരാം. അക്കാലത്ത് ആശ്രമത്തിനുവേണ്ടി ഒരു പുതിയ കപ്പേളയുടെ പണി നടക്കുന്നുണ്ടായിരുന്നു. കെട്ടിടത്തിന്റെ അടിത്തറക്കാവശ്യമായ കുഴികൾ എടുക്കുന്നതിനും കല്ലുകൾ എത്തിക്കുന്നതിനും, ജോലിക്കാരെ സഹായിക്കുന്നതിനുവേണ്ടി ജോസഫ് നിയമിതനായി. അവൻ ജോലികളും ഉത്സാഹത്തോടെ ചെയ്തു.

## ബ്രദർ ഡാമിയൻ

ജോസഫിന് സന്യാസ സഭയിൽ ഔദ്യോഗികമായി പ്രവേശിക്കുന്നതിനുള്ള ദിനമടുത്തു. ഇപ്പോഴുള്ള പേരിനു പകരം ഒരു പുതിയ പേരു സ്വീകരിക്കണം. അവൻ ഒത്തിരി പ്രാർത്ഥിച്ചു. അവസാനം നാലാം നൂറ്റാണ്ടിൽ രക്തസാക്ഷിയായി മരിച്ച വിശുദ്ധ ഡാമിയന്റെ പേര് തിരഞ്ഞെടുത്തു. അങ്ങനെ 1859 ഫെബ്രുവരി 2-ാം തിയതി ജോസഫ് 'ഡാമിയൻ' എന്ന പേരു സ്വീകരിച്ചു സന്യാസ വ്രതം എടുത്ത് ബ്രദർ ഡാമിയനായി.

## വൈദിക പഠനം

ലത്തീൻ ഭാഷ പഠിച്ചാൽ വൈദികനാകാം എന്നു മനസ്സിലാക്കിയ ബ്രദർ ഡാമിയൻ അതിനുള്ള കഠിന ശ്രമമാരംഭിച്ചു. ആറുമാസം കൊണ്ട് അനായാസം ലത്തീൻ ഭാഷ കൈകാര്യം ചെയ്യാൻ തുടങ്ങി. അവന്റെ തീഷ്ണത മനസ്സിലാക്കിയ അധികാരികൾ വൈദിക പഠനത്തിനുള്ള അനുവാദം അവനു കൊടുത്തു. അങ്ങനെ സന്യാസ ആശ്രമത്തിൽ വൈദിക പഠനം ആരംഭിച്ചു. നവസന്യാസ പരിശീലനത്തിന്റെ അവസാനം പാരീസിലെ മാതൃഭവനത്തിൽ വെച്ച് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്തു. അവിടെ നിന്ന് ദൈവശാസ്ത്രവും, തത്വശാസ്ത്രവും, ലത്തീനും പഠിക്കുന്നതിനുവേണ്ടി ലൂവെയിൻ സർവ്വകലാശാലയിലേയ്ക്കു പോയി. അവിടെ അവൻ നന്നായി പഠിച്ചു. ദിവസവും മൂന്നു മണിക്കൂർ വിശുദ്ധ കുർബാനയുടെ മുമ്പിൽ ചിലവഴിക്കും. ഏഴു മണിക്കൂർ പഠനം. അതിനുശേഷം അല്പം ഉല്ലാസം. 1861-ൽ ജ്യേഷ്ഠനായ പാംഫീലിയ വൈദിക പട്ടം സ്വീകരിച്ചു. ഡാമിയൻ പഠനം തുടർന്നു.

## ഒരു പുറപ്പാട്

ഹവായ് ദ്വീപിലെ സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരുന്ന മോൺ. ലൂയീസ് മൈഗ്രറ്റ് മെത്രാനോട് ഒരു അഭ്യർത്ഥന നടത്തി. ഹവായ് ദ്വീപുകളിൽ കൂടുതൽ മിഷനറിമാരെ വേണമെന്നതായിരുന്നു അത്. പത്തു പേർ പോകാൻ തയ്യാറായി അപേക്ഷ വച്ചു. അതിൽ ആറുപേർ തെരഞ്ഞെടുക്കപ്പെട്ടു. ഈ ലിസ്റ്റിൽ ഫാദർ പാംഫീലിയായും ഉണ്ടായിരുന്നു. പാംഫീലിയ യാത്രയ്ക്കു തയ്യാറായി. എന്നാൽ യാത്രയുടെ തലേദിവസം ടൈഫോയിഡ് പനി പിടിക്കുകയും യാത്ര മുടങ്ങുകയും ചെയ്തു. പകരക്കാരനായി ബ്രദർ ഡാമിയൻ തിരഞ്ഞെടുക്കപ്പെട്ടു. 1863 നവംബർ 2-ാം തിയതി അവർ

കപ്പലിൽ യാത്ര തിരിച്ചു. അഞ്ചു മാസത്തെ യാത്ര. യാത്രക്കിടയിൽ ഭയങ്കരമായ കൊടുങ്കാറ്റുണ്ടായി. കപ്പൽ തകരുമെന്ന അവസ്ഥയായി. ബ്രദർ ഡാമിയനും കൂട്ടരും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം വിളിച്ച് പ്രാർത്ഥിച്ചു. പെട്ടെന്ന് കാറ്റ് ശമിച്ചു. 1864 മാർച്ച് 18-ാം തിയതി ഹോൺലൂയിലെ തുറമുഖത്തെത്തി. അവിടെ നിന്ന് ബോട്ടിലും ചങ്ങാടത്തിലുമായി ദ്വീപിന്റെ മണ്ണിൽ കാലുകുത്തി. പ്രിയപ്പെട്ട കുട്ടികളെ, ജീവിതത്തിലെ വിഷമഘട്ടങ്ങളിലൂടെയും, അപകട നിമിഷങ്ങളിലൂടെയും കടന്നുപോകുമ്പോൾ നിങ്ങൾ മാതാവിന്റെ മാധ്യസ്ഥംതേടി പ്രാർത്ഥിക്കണം. നിത്യ സഹായ മാതാവ് നിങ്ങളെ സഹായിക്കും.

## ഹവായ് ദ്വീപ്

പന്ത്രണ്ട് ഹവായ് ദ്വീപുകളാണ് ഉള്ളത്. അതിൽ നാലെണ്ണത്തിൽ മാത്രമെ മനുഷ്യവാസമുള്ളൂ. 'കനാക്കകൾ' എന്നാണ് ഇവിടുത്തെ ജനങ്ങൾ അറിയപ്പെടുന്നത്. അഗ്നിപർവ്വതംപൊട്ടി രൂപംകൊണ്ടതാണ് ഈ ദ്വീപുസമൂഹം. ലാവയും ഉപ്പും ചേർന്ന ഈ ദ്വീപിലെ മണ്ണ് ഫലസമൃദ്ധമാണ്. കരിമ്പനയും, യൂക്കാലിയും, ഓറഞ്ചും, വാഴയുമൊക്കെ അവിടെ തഴച്ചു വളരുന്നു. അമേരിക്കൻ ഭൂഖണ്ഡത്തിൽ നിന്ന് ഏകദേശം രണ്ടായിരം മൈൽ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ദ്വീപുസമൂഹമാണ് ഹവായ് ദ്വീപുകൾ 1778-ൽ ക്യാപ്റ്റൻ കുക്ക് ആ ദ്വീപിൽ പ്രവേശിച്ചു. ദ്വീപിലെ പൂർവികരായ നിവാസികൾ അദ്ദേഹത്തെ ദേവനായി സ്വീകരിച്ചുവെങ്കിലും ഒരു വർഷത്തിനുശേഷം കൊന്നുകളഞ്ഞു. ക്യാപ്റ്റൻ കുക്കിന്റെ സന്ദർശനത്തോടെയാണ് ഹവായ് ദ്വീപ് ലോകചരിത്രത്തിൽ ഇടം നേടുന്നത്. മതാനുഷ്ഠാനങ്ങളിൽ നരമാംസഭോജനവും ബഹുഭാര്യത്വവും അവിടെ നിലനിന്നിരുന്നു. 1784 മുതൽ 1819 വരെ കാമേഹമേഹാ ഒന്നാമൻ രാജാവ് ഹവായ് ദ്വീപുകളെ ഭരിച്ചു. നരബലി അദ്ദേഹം നിർത്തലാക്കി. കുത്തഴിഞ്ഞ ജീവിതരീതിക്ക് മാറ്റമുണ്ടായി. ഇക്കാലത്താണ് ക്രൈസ്തവ മിഷനറിമാർ അവിടെയെത്തുന്നത്. ബ്രദർ ഡാമിയൻ ദ്വീപിലെത്തുന്ന സമയം പതിനെട്ട് വൈദികരും, പന്ത്രണ്ട് പ്രബോധകരും, പന്ത്രണ്ടു സന്യാസികളും ഹവായ് ദ്വീപിലുണ്ടായിരുന്നു.

## പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തപ്പെടുന്നു.

ഹോൺലൂലൂവിലെത്തി രണ്ടു മാസം കഴിഞ്ഞപ്പോൾ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അപ്പസ്തോലിക് വികാരിയായിരുന്ന മോൺ. മൈ്രഗറ്റിൽ നിന്ന് ഏപ്രിൽ 17-ാം തിയതി പൗരോഹിത്യ പട്ടം സ്വീകരിച്ചു. ഒത്തിരി അകലെയായതിനാൽ വീട്ടുകാരോ സുഹൃത്തുക്കളോ ഒന്നും ഈ ധന്യമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ വന്നില്ല. ഹവായിലെ കുറച്ചു വിശ്വാസികൾ മാത്രം ചടങ്ങിൽ പങ്കെടുത്തു. അതിനുശേഷം ഹവായിലെ 'പൂണോ' പ്രവിശ്യയിൽ പ്രേഷിത പ്രവർത്തനത്തിൽ ഏർപ്പെട്ടു. ഏകദേശം മുന്നൂറ്റി അൻപതോളം കത്തോലിക്കരാണ് പൂണോ ജില്ലയിൽ ഉണ്ടായിരുന്നത്. കുറെ വർഷങ്ങളായി അവർക്ക് വൈദികരോ കൂദാശ സ്വീകരിക്കുന്നതിനുള്ള അവസരമോ ഉണ്ടായിരുന്നില്ല. വിശ്വാസ തീക്ഷ്ണത ഒട്ടു മിക്കവർക്കും നഷ്ടപ്പെട്ടു കഴിഞ്ഞു. പള്ളിയോ സ്കൂളോ ഒന്നും അവിടെ ഇല്ലായിരുന്നു. അങ്ങനെ അദ്ദേഹം പൂണോ ജില്ലയിലെ ജനങ്ങളുടെ ഇടയനായി സേവനമാരംഭിച്ചു. വീടുകളിലാണ് ഫാദർ ഡാമിയൻ ബലിയർപ്പിച്ചിരുന്നത്. അവിടെ ഒരു ദേവാലയം പണിയുന്നതിന് ഫാദർ ഡാമിയൻ മുൻകൈയെടുത്തു. കല്ലുകൾ ചുമക്കാനും മണ്ണുനീക്കാനും അദ്ദേഹം മുന്നിട്ടറങ്ങി. കാൽനടയായും കുതിരസവാരി ചെയ്തും കത്തോലിക്കരെ കണ്ടുപിടിച്ച് അവരെ സന്മാർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു. ക്രമേണ അവിടുത്തെ ജനങ്ങൾ അവരുടെ പുതിയ ഇടയനെ ഹൃദയത്തിൽ സ്വീകരിച്ചു തുടങ്ങി. അവരുടെ ഭവനങ്ങളിൽ അദ്ദേഹം ബലിയർപ്പിച്ചു. യൂറോപ്പിൽ നിന്ന് ആത്മീയ പുസ്തകങ്ങൾ വരുത്തി അവരെ ക്രിസ്തീയ തത്ത്വങ്ങൾ പഠിപ്പിച്ചു. ക്രമേണ ജനങ്ങൾ വിശ്വാസത്തിലേക്കു കടന്നുവരുവാൻ തുടങ്ങി. ഉത്തമ വിശ്വാസം സ്വീകരിച്ചവർക്ക് ജ്ഞാനസ്നാനം നൽകി.

## പുതിയ കർമ്മരംഗം

പൂണോ പ്രവശ്യയിൽ അധികനാൾ ശുശ്രൂഷ ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കാരണം അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന ഫാദർ ക്ലമന്റ് പ്രതികൂല കാലാവസ്ഥയെ തുടർന്ന് രോഗിയായിതീർന്നു. കൊഹാല ജില്ലയിലായിരുന്ന അദ്ദേഹം ജോലിചെയ്തിരുന്നത്. രോഗിയായിതീർന്നതിനാൽ ബിഷപ്പിന്റെ അനുമതിയോടെ അവർ കർമ്മരംഗങ്ങൾ പരസ്പരം വച്ചുമാറി. കൊഹാല ജില്ല കൂടാതെ 'ഹമുക്കാവെ' എന്ന ജില്ലകൂടി ഫാദർ ക്ലമന്റിന്റെ ചുമതലയിലായിരുന്നു. ഈ രണ്ടു ജില്ലകളുടെ ആത്മീയ നേതൃത്വം ഫാദർ ഡാമിയൻ ഏറ്റെടുത്തു. ഏകദേശം മൂവായിരത്തോളം കത്തോലിക്കർ അവിടെ ഉണ്ടായിരുന്നു. അന്ധവിശ്വാസത്തിന്റെ നാടായിരുന്നു അത്. അവിടെ ഫാദർ

ഡാമിയൻ തന്റെ പ്രവർത്തനം ആരംഭിച്ചു. കിഴക്കാം തൂക്കായ പർവ്വതങ്ങളുടെ ഇടയിലൂടെ സഞ്ചരിച്ച് വീടുകൾ കണ്◌ുപിടിച്ചു. അവർക്ക് നന്മയുടെ വഴി കാണിച്ചു കൊടുത്തു. അവിടെ ജോലി ചെയ്യുന്ന അവസരത്തിൽ അകലെ പർവ്വതങ്ങളുടെ ഇടയിൽ താമസിക്കുന്ന ഒരു ഗണം ആൾക്കാരെ പറ്റി കേൾക്കാനിടയായി. അവരെ സന്ദർശിക്കുവാൻ അദ്ദേഹം വെമ്പൽകൊണ്◌ു. കാലാവസ്ഥ പ്രതികൂലമാണെന്നും അവിടെ എത്തുക സാഹസികമാണെന്നുമുള്ള അവരുടെ വാക്കുകൾ അദ്ദേഹം ചെവിക്കൊണ്◌ില്ല.

## ബോട്ടപകടം

പർവ്വതങ്ങളുടെ ഇടയിൽ താമസിക്കുന്ന അജഗണത്തെ കാണുവാൻ അദ്ദേഹം ഇറങ്ങി. സമുദ്രത്തിലൂടെ ഒരു തടികഷ്ണത്തെ വഞ്ചിയാക്കി ഉപയോഗിച്ച് യാത്രയാരംഭിച്ചു. സഹായത്തിന് രണ്◌് മല്ലന്മാരെയും കൂടെ കൊണ്◌ുപോയി. തുടക്കത്തിൽ സമുദ്രം ശാന്തമായിരുന്നെങ്കിലും സായാഹ്നമായപ്പോൾ ക്ഷോഭിച്ചു. ഭീതിപൂണ്ട മല്ലന്മാർ വഞ്ചിയിൽ നിന്നു ചാടി നീന്തി കരകയറുവാൻ ശ്രമിച്ചു. ഈ സമയം വലിയ മത്സ്യങ്ങൾ അവരെ ആക്രമിക്കുവാൻ വന്നു. ഫാദർ ഡാമിയൻ പൗരോഹിത്യാധികാരത്തിൽ തങ്ങളെ ആരെയും സ്പർശിക്കരുതെന്ന് കല്പിച്ചു. മത്സ്യങ്ങൾ അതനുസരിച്ചു. അവർ നീന്തി കരയിലെത്തി. നാലു ദിവസം കരമാർഗ്ഗം യാത്ര ചെയ്ത് ഒരു മലയുടെ മുകളിലെത്തി. അവിടെ അദ്ദേഹം കണ്ടത് ആൾപാർപ്പില്ലാത്ത ഒരു പീഡഭൂമിയാണ്!. ഫാദർ ഡാമിയൻ ആകെ തളർന്നുപോയി. കൈകാലുകൾ കീറിമുറിഞ്ഞു. വ്രണമായിരിക്കുന്നു. ശരീരം കുഴഞ്ഞു. എങ്കിലും അദ്ദേഹം പിന്മാറിയില്ല. കുന്നും മലയും കയറി ലക്ഷ്യസ്ഥാനത്തെത്തി. തന്റെ അജഗണത്തെ കണ്◌ുപിടിച്ചു. അവരെ വിശ്വാസത്തിലേയ്ക്ക് ആനയിച്ചു. അവർ ആരാധിച്ചു കൊണ്◌ിരിക്കുന്ന ഒരു ദേവന്റെ പ്രതിമ അദ്ദേഹം കണ്◌ു. അതിലെ മനുഷ്യ രക്തകറ അദ്ദേഹത്തെ രോഷാകുലനാക്കി. അദ്ദേഹം അത് തകർത്ത് അവിടെ മരംകൊണ്◌് ഒരു കുരിശുണ്◌ാക്കിവെച്ചു. നാളുകൾക്കുശേഷം അദ്ദേഹം അവിടെ ഒരു കൊച്ചു ദേവാലയം പണിതു. അവരെ ഒരുമിച്ചു കൂട്ടി ദേവാലയത്തിൽ ബലിയർപ്പിച്ചു. ദേവാലയത്തിൽ മതബോധന ക്ലാസുകൾ ആരംഭിച്ചു. വൈകുന്നേരങ്ങളിൽ ചെറുപ്പക്കാരെ ഒരുമിച്ചു കൂട്ടി ജപമാല ചൊല്ലി. തുടർന്ന് ജില്ലയുടെ പല ഭാഗങ്ങളിലായി ദേവാലയങ്ങൾ നിർമ്മിച്ചു. തന്റെ സഹായത്തിനായി ഒരു പുരോഹിതനെ കൂടി തരണമെന്ന് ഡാമിയൻ മെത്രാനോട് ആവശ്യപ്പെട്ടു. അതിൻ പ്രകാരം 1869-ൽ ഫാദർ ഗുൽസ്റ്റൺ ഡാമിയന്റെ സഹായത്തിനെത്തി.

## മൊളോക്കോയിലേക്ക്

ഹവായ് ദ്വീപുകളിൽ അഞ്ചാം സ്ഥാനത്തു നിൽക്കുന്ന ദ്വീപാണ് മൊളോക്കോ. മുപ്പത്തിയേഴ് മൈൽ നീളവും പത്തുരണ്◌് മൈൽ വീതിയുമുള്ള ഒരു കൊച്ചു ദ്വീപ്. പത്തൊൻപതാം നൂറ്റാണ്◌ിന്റെ പകുതിയിൽ മൊളോക്കോയിൽ ഒരു പകർച്ചവ്യാധി പിടിപെട്ടു. അധികം താമസിക്കാതെ അത് കുഷ്ഠരോഗമാണെന്ന് സ്ഥിരീകരിച്ചു. ജനം പരിഭ്രാന്തരായി ഗവൺമെന്റിനെതിരെ ശബ്ദമുയർത്തി. തൽഫലമായി രാജാവ് ഒരു കല്പന പുറപ്പെടുവിച്ചു. കുഷ്ഠരോഗികളെല്ലാം ആരോഗ്യ വകുപ്പിൽ പേരെഴുതിക്കണം. അതിനുശേഷം ഹോൺലുലുവിലെ പുനരധിവാസകേന്ദ്രത്തിലേയ്ക്ക് മാറി താമസിക്കണം. എന്നാൽ ഇതിനെതിരെ നഗരവാസികൾ ശബ്ദമുയർത്തി. കുഷ്ഠരോഗികൾ തങ്ങളുടെ പ്രിയപ്പെട്ടവരെ ഉപേക്ഷിക്കുവാൻ വിസമ്മതിച്ചു. അവരുടെ ബന്ധുക്കൾ തങ്ങളുടെ പ്രിയപ്പെട്ടവരെ വിട്ടുകൊടുക്കുവാനും തയ്യാറായില്ല. അതിനാൽ ഗവൺമെന്റിന് മറ്റൊരു മാർഗം അവലംബിക്കേണ്◌ി വന്നു. കുഷ്ഠരോഗികളെ മൊളോക്കോയിലേക്ക് നാടുകടത്തുക. ഡോക്ടർമാരും പോലീസും വീടുകൾ വളഞ്ഞു. കുഷ്ഠരോഗികളെ തേടിപിടിച്ച് സെല്ലുകളിൽ അടച്ചു. അവസാനം നൂറ്റി നാൽപത് കുഷ്ഠരോഗികളെയും കൊണ്◌് ആദ്യ കപ്പൽ ഹോൺലുലുവിൽ നിന്ന് പുറപ്പെട്ടു. മൊളോക്കോയിലെ കലാവുപപ്പ, കലമാവോ, എന്നീ സ്ഥലങ്ങളാണ് കുഷ്ഠരോഗികളുടെ കോളനിയാക്കാൻ സർക്കാർ തെരഞ്ഞെടുത്തത്. ഈ വാർത്തയറിഞ്ഞ മൊളോക്കോയിലെ ജനം ആ ദ്വീപ് ഉപേക്ഷിച്ച് മറ്റൊരു സ്ഥലത്തേക്കോടിപോയി. മൊളോക്കോയുടെ മൂന്നുവശം കടലും മറുവശം ആയിരത്തിയറുന്നൂറടി ഉയരമുള്ള പാറക്കെട്ടുമാണ്. ആ ദ്വീപിൽനിന്ന് ആർക്കും ഒരു വിധത്തിലും പുറത്തുപോകാൻ പറ്റില്ല. പുറം ലോകവുമായി യാതൊരു ബന്ധവുമില്ല. കുഷ്ഠരോഗികൾ അവരുടെ പുല്ലുമേഞ്ഞ വീടുകൾ സ്വന്തമാക്കി.

രോഗികളെ ഗവൺമെന്റ് അങ്ങോട്ട് തള്ളിവിട്ടെങ്കിലും അവർക്കുവേണ്◌ി ഒന്നും ചെയ്തില്ല. കിടക്കാൻ കട്ടിലില്ല, കുടിക്കാൻ വെള്ളമില്ല. എങ്ങും മൂകതയും ശാന്തയും മാത്രം. ഒരാശ്വാസവാക്കുപറയാൻ പോലും ആരുമില്ല. അധികം താമസിയാതെ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട ഈ രോഗികളുടെ ഇടയിൽ

ചീട്ടുകളിയും, മദ്യപാനവും അസന്മാർഗീകതയും പെരുകി. കുഷ്ഠരോഗികളുടെ അവസ്ഥ മനസ്സിലാക്കിയ ഹവായിലെ 'നഗ്'പത്രത്തിന്റെ എഡിറ്റർ ഇങ്ങനെ എഴുതി:- മൊളോക്കോയിൽ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുവാൻ ഒരു പുരോഹിതനോ സന്യാസിയോ ഉണ്ടായിരുന്നെങ്കിൽ അത് ഒരു വലിയ കാര്യമായിരുന്നു. ഒരിക്കൽ ഹവാലയിലെ ബിഷപ്പ് തന്റെ രൂപത ഉൾപ്പെടുന്ന മൊളോക്കോയിലെ അജപാലന പ്രശ്നങ്ങളെക്കുറിച്ച് വൈദികരോട് ചർച്ച നടത്തി. ജനം പേപ്പട്ടിയെപോലെ കരുതിയ കുഷ്ഠരോഗികളെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ശബ്ദം ഇടറി. പറഞ്ഞ് തീരുംമുമ്പ് നാലു പേർ എഴുന്നേറ്റ് നിന്ന് അങ്ങോട്ട് പോകുവാൻ തയ്യാറാണെന്ന് അറിയിച്ചു. എന്നാൽ ഫാദർ ഡാമിയൻ മൊളോക്കോയിലേക്ക് പോകുവാനുള്ള തന്റെ ആഗ്രഹം വ്യക്തിപരമായി ബിഷപ്പിനെ അറിയിച്ചു. ശ്മശാനഭൂമിയിലേക്ക് 1873 മെയ് 10 ന് ഫാ. ഡാമിയൻ മൊളോക്കോയിലേക്ക് കപ്പൽ കയറി. എട്ടു വർഷം ജോലി ചെയ്ത കൊഹാലുലുവിൽ പോയി യാത്ര പറയാൻ പോലും നിന്നില്ല. 'കിലുവെയ' എന്ന കപ്പലിലാണ് യാത്ര. അൻപത് കുഷ്ഠരോഗികളും ഈ കപ്പലിൽ ഉണ്ടായിരുന്നു. ബിഷപ്പും ഡാമിയനോടൊപ്പം കപ്പലിൽ കയറി. കടൽ താണ്ടി അവർ മൊളോക്കോയുടെ തീരത്തെത്തി. വിവരം അറിഞ്ഞ് അവിടെയുള്ള രോഗികൾ തീരത്ത് ഓടിയെത്തി. പിതാവ് അവരോട് പറഞ്ഞു. നിങ്ങളുടെ പിതാവാകുവാൻ ഞാൻ ഒരാളെ കൊണ്ടുവന്നിരിക്കുന്നു. ചലനമറ്റ കൈവിരലുകൾ നീട്ടി അവർ തങ്ങളുടെ ഇടയനെ സ്വീകരിച്ചു. അപ്പോൾ ഡാമിയന് 23 വയസ്സായിരുന്നു.

### മൊളോക്കോയിലെ പ്രവർത്തനങ്ങൾ

മൊളോക്കോയിൽ എത്തിയ ഫാ. ഡാമിയൻ ആ പ്രദേശം എല്ലാം ചുറ്റിസഞ്ചരിച്ച് കണ്ടു. അദ്ദേഹത്തിന് താമസിക്കാൻ ഒരു പുല്ല്മേഞ്ഞ വീട്പോലും കിട്ടിയില്ല. ഒരു 'പന്താനസ്' വൃക്ഷത്തിന്റെ ചുവട്ടിൽ അദ്ദേഹം താമസമാക്കി. മരച്ചുവട്ടിലെ പാറ ഭക്ഷണമേശയാക്കി. ചെന്ന അന്നുതന്നെ ഒരു രോഗി മരിച്ചു. അയാളെ പെട്ടിപോലുമില്ലാതെ അടക്കി. കുഴിവെട്ടിയതും ശവമഞ്ചം ചുമന്നതും ഡാമിയൻ തന്നെ. ഡാമിയൻ കർമ്മരംഗത്തേക്ക് ഇറങ്ങി. മിക്കവാറും ദിവസം ഒരാൾ വീതം മരിക്കും. അവർക്കെല്ലാം ഡാമിയൻ തന്നെ പെട്ടിയുണ്ടാക്കും. കുഴിവെട്ടുന്നതും അദ്ദേഹം തന്നെ. ചുറ്റും പച്ച മാംസം ചീഞ്ഞമണം. ഒരു സ്ഥലത്തുപോലും ശുദ്ധവായു ഇല്ല. അവർ വെച്ചു നീട്ടുന്ന ഭക്ഷണം കഴിക്കും. ഏതാനും നാളുകൾ മാത്രം ശുശ്രൂഷയ്ക്ക് വന്ന ഡാമിയൻ ജീവിതകാലം മുഴുവൻ അവിടെ ചെലവഴിക്കാൻ തീരുമാനിച്ചു. ദ്വീപിലൂടെ സഞ്ചരിക്കുമ്പോൾ മാസങ്ങളായി അടിച്ചുവാരാതെ പൊടിപിടിച്ചു കിടക്കുന്ന വി. ഫിലോമിനയുടെ നാമത്തിലുള്ള കപ്പേള കണ്ടു. അത് ഇലകൾകൊണ്ട് അടിച്ചുവൃത്തിയാക്കി അവിടെ കർബാനയർപ്പിച്ചു. അധികാരികളുടെ കണ്ണ് തുറക്കുന്നു. മൊളോക്കോയിലെ രോഗികളുടെ അവസ്ഥയെപറ്റി അദ്ദേഹം സഭാധികാരികൾക്ക് തുറന്ന് എഴുതി. കുഷ്ഠരോഗികളുടെ യഥാർത്ഥ അവസ്ഥ എന്താണെന്ന് പുറം ലോകം അറിയാൻ ഈ കത്തുകൾ ഉപകരിച്ചു. ഗവൺമെന്റിന്റെ ശ്രദ്ധയും രോഗികളുടെമേൽ തിരിക്കാൻ ഫാ. ഡാമിയന് കഴിഞ്ഞു. ആരോഗ്യം തീരെ ശോഷിച്ചവർക്ക് അല്പം പാൽ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കി. പോഷകാംശം ഉള്ള ഭക്ഷണം നൽകാൻ അദ്ദേഹം സൂപ്രണ്ടിന് എഴുതി. ഒരു ജോഡി പുതപ്പും, സെറ്ററുമാണ് സർക്കാർ ഒരു വർഷം ഇവർക്ക് നൽകി പോന്നത്. അത് മൂന്ന് നാല് മാസംകൊണ്ട് കീറിപ്പറിഞ്ഞ് പോകും. വസ്ത്രം മാറാൻ ഇല്ലാത്തതിനാൽ കഴുകാറില്ല. കഴുകാൻ കൈവിരലുകളും ഇല്ല. വസ്ത്രങ്ങൾക്കുള്ള അലവൻസ് പത്ത് ഡോളറാക്കി ഗവൺമെന്റ് ഉയർത്തി. പൈപ്പുവഴി ശുദ്ധജലം എത്തിച്ചു. താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഡാമിയൻ ബിഷപ്പിനും ആരോഗ്യ വകുപ്പിനും എഴുതി. രണ്ട് കൂട്ടരുടേയും സഹായം ലഭിച്ചു. നിരനിരകളായി വീടുകൾ ഉയർന്നു. കൽപ്പണിയും ആശാരിപ്പണിയും ഒക്കെ ഡാമിയൻ തന്നെ ചെയ്തു. തനിക്കായി ഒരു മുറിയുള്ള ഒരുവീടുണ്ടാക്കി. രോഗികളെക്കൊണ്ട് പച്ചക്കറി കൃഷി ചെയ്യിപ്പിച്ചു. പാലിന്റെ ആവശ്യത്തിനായി പശുക്കളെ വളർത്തി. കുതിരസവാരി നടത്താനും സംഗീതം ആലപിക്കാനും അവരെ പഠിപ്പിച്ചു. രൂപതയിൽ നിന്ന് സംഗീതോപകരണങ്ങൾ വരുത്തി അവരെ പഠിപ്പിച്ചു. സായാഹ്നങ്ങളിൽ അവർ ഒരുമിച്ച് ചേർന്ന് കച്ചേരികൾ നടത്തും. ക്രിസ്തുമസ് ദിനം അവർ ആഘോഷവേളകളാക്കി. അന്ന് വിപുലമായ കലാപരിപാടികൾ സംഘടിപ്പിക്കും. പാട്ടും കൊട്ടുമായി അവർ നാട് ഉണർത്തും. പാതിരാ കർബാനയോടെ എല്ലാവരും പിരിയും. രോഗികളായ ധാരാളം കുട്ടികൾ മൊളോക്കോയിൽ ഉണ്ടായിരുന്നു. അതിനാൽ ഡാമിയൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്ഥാപനങ്ങൾ ഉണ്ടാക്കി അവരെ അവിടെ പാർപ്പിച്ചു. മരുന്നു ഒഴിച്ച് മുറിവുകൾ വെച്ചുകെട്ടി. ഓരോ കുടിലിലും കയറി ഇറങ്ങി കുമ്പസാരം കേട്ടു. കുമ്പസാരത്തിലൂടെ അനേകരുടെ പാപങ്ങൾ മോചിച്ചു. രോഗികളെ ശുശ്രൂഷിക്കാൻ വി. യൗസേപ്പ് പിതാവിന്റെ നാമത്തിൽ പുരുഷന്മാർക്കും, മാതാവിന്റെ നാമത്തിൽ സ്ത്രീകൾക്കും വേണ്ടി ഓരോ സംഘത്തെയും ഫാ. ഡാമിയൻ രൂപീകരിച്ചു.

## ഒരു കുമ്പസാരം

പാപത്തിന്റെ ഗൗരവത്തെപ്പറ്റി ഫാ. ഡാമിയന് വലിയ ബോധ്യം ഉണ്ടായിരുന്നു. പലപ്പോഴും അദ്ദേഹം കുമ്പസാരിക്കാൻ ആഗ്രഹിച്ചെങ്കിലും നിയമത്തിന്റെ നൂലാമാലകൾ കൊണ്ട് അത് സാധ്യമായിരുന്നില്ല. കാരണം സമുദ്രത്തിന്റെ അപ്പുറത്ത് നിന്ന് ആരെങ്കിലും ഈ ദ്വീപിലെത്തി ഡാമിയനെയോ അവിടെയുള്ളവരെയോ കാണാൻ നിയമം നിയമം അനുവദിച്ചിരുന്നില്ല. ഒരിക്കൽ പ്രൊവിൻഷ്യാളച്ചൻ മൊളോക്കോയുടെ സമീപത്തുകൂടെ യാത്ര ചെയ്യുകയാണ്. അദ്ദേഹം ദ്വീപ് സന്ദർശിക്കാൻ ആഗ്രഹിച്ചു. എന്നാൽ കപ്പിത്താൻ കപ്പൽ ദ്വീപിനോട് അടുപ്പിക്കാൻ തയ്യാറായില്ല. ഒരു ബോട്ട് അതുവഴി വരുന്നതുകണ്ട് ഡാമിയൻ അതിൽ കയറി കപ്പലിന്റെ അടുത്ത് എത്തി. കപ്പലിൽ കയറാൻ ശ്രമിച്ച ഡാമിയനെ കപ്പിത്താൻ തടഞ്ഞു. തനിക്കു ഒന്നു കുമ്പസാരിക്കണമെന്നുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. അതും കപ്പിത്താൻ തടഞ്ഞു. ഒടുവിൽ ഒരു മാർഗ്ഗം കണ്ടെത്തി. ഓളത്തിൽ മുങ്ങുകയും പൊങ്ങുകയും ചെയ്തുകൊണ്ടിരുന്ന ബോട്ടിൽ അദ്ദേഹം മുട്ടുകുത്തി. പ്രൊവിൻഷ്യാളച്ചൻ കപ്പലിന്റെ മുകളിൽ ഒരു കമ്പിയിൽ പിടിച്ചു നിന്നു. കപ്പലിലെങ്ങും നിശബ്ദത. ഫാ. ഡാമിയൻ തന്റെ പാപങ്ങൾ പ്രൊവിൻഷ്യാളച്ചന്റെ അടുക്കൽ ഏറ്റു പറഞ്ഞു. കുമ്പസാരം കഴിഞ്ഞപ്പോൾ പ്രൊവിൻഷ്യാളച്ചൻ പാപ മോചനം നൽകി. അതിനുശേഷം ബോട്ടിൽ നിന്നുകൊണ്ട് സഭാധികാരിയെ അഭിവാദനം ചെയ്തതിനുശേഷം ദ്വീപിലേക്ക് തിരിച്ചുപോന്നു. അസാധാരണമായ ഈ സംഭവം ഫ്രഞ്ച് ഗവൺമെന്റിന്റെ കണ്ണ് ഉറപ്പിച്ചു. ഇതിന്റെ ഫലമായി ഒറ്റപ്പെടുത്തൽ നിയമത്തിന്റെ കാഠിന്യം അല്പം മയപ്പെടുത്തി.

## ഫാ. ഡാമിയന്റെ ജീവിതം

വളരെ ലാളിത്യ ജീവിതമായിരുന്നു ഫാ. ഡാമിയന്റേത്. ദിവസത്തിൽ രണ്ടു നേരം മാത്രം ഭക്ഷണം. പകൽ മുഴുവൻ കഠിനാദ്ധ്വാനവും രോഗീശുശ്രൂഷയും. ഇരുട്ടാകുമ്പോൾ കനോനാ നമസ്ക്കാരം എത്തിക്കും. കുറച്ച് സമയം വീടുകൾ ഉണ്ടാക്കാനും ശവപ്പെട്ടി നിർമ്മിക്കാനുമായി ആശാരി പണിയിൽ ഏർപ്പെടും. അതിനുശേഷം സിമിത്തേരിക്കുചുറ്റും അല്പം നടത്തം. ഫാ. ഡാമിയനെപ്പറ്റി അദ്ദേഹത്തിന്റെ കത്തുകളിൽ നിന്ന് ബാഹ്യലോകം കേൾക്കാൻ തുടങ്ങി. ഹവായ് ദ്വീപുകളിൽ മാത്രമല്ല യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കും അദ്ദേഹത്തിന്റെ കീർത്തി പരന്നു.

## മറ്റൊരു കുഷ്ഠരോഗി കൂടി

ഒരു ദിവസം ഫാ. ഡാമിയന്റെ കാലിൽ അല്പം ചൂടുവെള്ളം വീണു. എന്നാൽ അതു നിമിത്തം പൊള്ളലോ വേദനയോ അനുഭവപ്പെട്ടില്ല. മൂന്ന് മാസങ്ങൾക്കുമുമ്പ് തന്റെ ശരീരത്തിൽ കണ്ടു തുടങ്ങിയ മഞ്ഞ നിറത്തിലുള്ള കുത്തുകൾ കുഷ്ഠരോഗത്തിന്റെ ആരംഭമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ആ നാളുകളിൽ ഒരു ത്വക്ക്‌രോഗ വിദഗ്ദ്ധൻ മൊളോക്കോയിൽ വന്നു. അദ്ദേഹം ഡാമിയനെ പരിശോധിച്ചിട്ട് സങ്കടത്തോടെ പറഞ്ഞു, അങ്ങേയ്ക്കും കുഷ്ഠം പിടിച്ചിരിക്കുന്നു! അതിനു മറുപടിയായി ഡാമിയൻ ഇങ്ങനെ പ്രതികരിച്ചു. ഞാനതിന് നേരത്തെ തന്നെ ഒരുങ്ങിയതാണ്. വിവരം അറിഞ്ഞ മെത്രാൻ അദ്ദേഹത്തെ തിരിച്ചു വിളിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മൊളോക്കോയിലേക്ക് തന്നെ ഡാമിയൻ തിരികെ പോന്നു. ഒരു പ്രസംഗം 1885 ജൂൺ മാസത്തെ ആദ്യ ഞായറാഴ്ച. ഫാ. ഡാമിയൻ കുഷ്ഠരോഗികളുടെ പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയാണ്. പ്രസംഗം ആരംഭിച്ചപ്പോൾ പ്രിയപ്പെട്ട സഹോദരരെ എന്നതിനുപകരം, നമ്മൾ കുഷ്ഠരോഗികൾ എന്നു പറഞ്ഞുകൊണ്ട് പ്രസംഗിച്ചത്. അവിടെ ഉണ്ടായിരുന്ന രോഗികൾക്ക് കാര്യം പിടികിട്ടി. ഞങ്ങളുടെ പിതാവ് രോഗിയായി തീർന്നിരിക്കുന്നു. രോഗം പെട്ടെന്ന് ശരീരമാകെ വ്യാപിച്ചു. കൺപുരികങ്ങൾ കൊഴിഞ്ഞുപോയി. ശരീരം മുഴുവൻ നീരു വന്നു വീർത്തു. തന്നെ സഹായിക്കാൻ ആരെയെങ്കിലും തരണമെന്ന ബിഷപ്പിനോട് അപേക്ഷിച്ചു. 1888-ൽ രണ്ട് വൈദികർ ഉൾപ്പെടെ ആറ് പേർ അദ്ദേഹത്തിന്റെ സഹായത്തിനെത്തി. അതിൽ ബ്രദർ ജോസഫ് ഡട്ടൺ ഡാമിയന്റെ പിൻഗാമി എന്ന നിലയിൽ ഏറെ വർഷം പ്രവർത്തിച്ചു.

## അന്ത്യ ദിനങ്ങൾ

ഡാമിയൻ രോഗിയാണെന്ന വാർത്തക്ക് മാധ്യമങ്ങൾ വൻപ്രചാരം നൽകി. ആശ്വാസവാക്കുകളും, സഹായങ്ങളും മൊളോക്കോയിലേക്ക് ഒഴുകി. സർക്കാരും സഭയും ഫാ. ഡാമിയനെ അഭിനന്ദനങ്ങൾ കൊണ്ട് പൊതിഞ്ഞു. 1889 മാർച്ച് 19, ഡാമിയൻ ശ്മശാന ഭൂമിയിലെത്തിയിട്ട് അന്ന് ഇരുപത്തഞ്ച് വർഷം പൂർത്തിയായി. ഇപ്പോൾ തീരെ ഉറക്കം ഇല്ല. ചെറിയ ഒരു ശബ്ദത്തിൽ മന്ത്രിക്കാനാകും എന്ന് മാത്രം. ബ്രദർ ഡട്ടനും കൂട്ടരും നന്നായി പരിചരിച്ചു. അദ്ദേഹം സഹപ്രവർത്തകരെ അടുത്തുവിളിച്ച് കുഷ്ഠരോഗികളുടെ സംരക്ഷണം അവരെ ഭരമേൽപ്പിച്ചു. ഏപ്രിൽ മാസമായപ്പോഴേക്കും ആരോഗ്യസ്ഥിതി

വളരെ മോശമായി. ഇടയ്ക്കിടക്ക് ബോധം മറയാൻ തുടങ്ങി. ആ മരണവേദന അധികസമയം നീണ്ടുനിന്നില്ല. 1889 ഏപ്രിൽ 15-ാം തിയതി, തന്റെ അൻപതാമത്തെ വയസ്സിൽ ഡാമിയന്റെ കണ്ണുകൾ എന്നന്നേയ്ക്കുമായി അടഞ്ഞു. വൈദിക വസ്ത്രങ്ങൾ ധരിപ്പിച്ച് ഡാമിയനെ മഞ്ചത്തിൽ കിടത്തി. ഇതിന് ഇടയിൽ ഒരത്ഭുതം സംഭവിച്ചു. അദ്ദേഹത്തിന്റെ മുഖത്ത് ഉണ്ടായിരുന്ന പൊട്ടിയ വ്രണങ്ങൾ എല്ലാം പെട്ടെന്ന് അപ്രത്യക്ഷമായി. വെണ്മയുള്ള ഒരു പ്രകാശം മുഖത്ത് നിറഞ്ഞു. അന്ന് മൊളോക്കോയിൽ ആരും ഉറങ്ങിയില്ല. പിറ്റെ ദിവസം മൃതസംസ്ക്കാരശുശ്രൂഷ നടത്തി. എട്ട് കുഷ്ഠരോഗിയാണ് ശവമഞ്ചം വഹിച്ചത് മൊളോക്കോ വാസത്തിന്റെ ആരംഭത്തിൽ താമസം ആരംഭിച്ച 'പന്താനസ്' മരത്തിന്റെ ചുവട്ടിൽ അന്ത്യവിശ്രമം കൊള്ളണമെന്നുള്ള ഡാമിയന്റെ ആഗ്രഹപ്രകാരം ആ മരച്ചുവട്ടിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു. കുഴിമാടത്തിന് മുകളിൽ പേരെഴുതിയ ഒരു മാർബിൾ കുരിശും സ്ഥാപിച്ചു.

### മരണശേഷം ഉയർന്ന പ്രശസ്തി

മരണശേഷവും ഡാമിയന്റെ പ്രശസ്തി ഉയർന്നു. അദ്ദേഹത്തിന്റെ പേരിൽ റോഡുകളും, ആശുപത്രികളും, സ്ഥാപനങ്ങളും ഉണ്ടായി. അനേകം നഗരങ്ങളിൽ അദ്ദഹത്തിന്റെ പ്രതിമകൾ ഉയർന്നു. 1894-ൽ ബൽജിയത്തെ ലൂവെയ്ൻ പട്ടണത്തിൽ ഉയർന്ന വെങ്കല പ്രതിമ ആരുടെയും മനം കുളിർപ്പിക്കുന്നതാണ്. 1936- ഫെബ്രുവരി മൊളോക്കോയിലുള്ള ഫാ. ഡാമിയന്റെ കുഴിമാടം തുറന്നു. ആ വന്ദ്യപുരോഹിതന്റെ ഭൗതിക അവശിഷ്ടം ജന്മനാടായ ബൽജിയത്തിലേക്ക് കൊുപോയി. 1936- മെയ് മാസം ഫാ. ഡാമിയന്റെ പൂജ്യാവശിഷ്ടങ്ങൾ ജേഷ്ഠ സഹോദരനായ ഫാ. പാംഫീലിയായുടെ ശവകുടീരത്തിന് സമീപത്തുള്ള കല്ലറയിൽ സ്ഥാപിച്ചു. 1995-ൽ റോമിൽ ഫാ. ഡാമിയനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള നാമകരണ നടപടികൾ ആരംഭിച്ചു. 1977 ജൂൺ 7 ന് പോൾ ആറാമൻ മാർപാപ്പ അദ്ദേഹത്തെ 'ധന്യൻ' പദവിലേക്ക് ഉയർത്തി. 1995 ജൂൺ 4 ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഡാമിനെ 'വാഴ്ത്തപ്പെട്ടവനായി' പ്രഖ്യാപിച്ചു. ഒക്ടോബർ 11 ന് ബനഡിക്റ്റ് 16-ാം മാർപാപ്പ ഫാ. ഡാമിയനെ വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഉയർത്തി.

### വി. ഫാ. ഡാമിയന്റെ പ്രിയപ്പെട്ട ഗാനം

എന്റെ ദൈവത്തെ കണ്ടവാൻ എനിക്ക്
എപ്പോഴാണ് അവസരം നല്കുന്നത്?
ഈ വിചിത്രമായ മണ്ണിൽ എത്രനാൾ ഞാൻ
ബന്ധനസ്ഥനായിരിക്കും?

വിശുദ്ധ ഫാ. ഡാമിയൻ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...